പതിനാലാം കേരള നിയമസഭ
പതിമൂന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നമ്പർ : 4231

13.12.2018 - ൽ മറുപടിക്ക്.

## ആലത്തൂർ മണ്ഡലത്തിലെ വികസന പ്രവർത്തനങ്ങൾ

ചോദ്യം
ശ്രീ. കെ. ഡി. പ്രസേനൻ

മറുപടി
ശ്രീ. ഇ. പി. ജയരാജൻ
(വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പ് മന്ത്രി).

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം വ്യവസായ വകുപ്പ് വഴി ആലത്തൂർ മണ്ഡലത്തിൽ നടപ്പിലാക്കിയ വികസന പ്രവർത്തനങ്ങളെക്കുറിച്ച് വിശദീകരിക്കാമോ ;

(ബി) ആരംഭിച്ച പ്രവൃത്തികളും അവയുടെ നിലവിലെ അവസ്ഥയും വ്യക്തമാക്കാമോ ?

(എ) : & (ബി) വ്യവസായ വകുപ്പ് വഴി നിയോജക മണ്ഡലം അടിസ്ഥാനപ്പെടുത്തി പ്രത്യേക വികസന പ്രവർത്തനങ്ങൾ നടപ്പിലാക്കി വരുന്നില്ല. എന്നാൽ ഓരോ വർഷവും വകുപ്പ് ആസൂത്രണം ചെയ്ത നടപ്പിലാക്കുന്ന വിവിധ പദ്ധതികൾ എല്ലാ മണ്ഡലത്തിലേയും ഗുണഭോക്താക്കൾക്ക് ലഭ്യമാകുന്നുണ്ട്. ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ആലത്തൂർ നിയോജക മണ്ഡലത്തിൽ വ്യവസായ വകുപ്പ് വഴി 8 സംരംഭകത്വ ബോധവത്കരണ സെമിനാറുകളും 3 നിക്ഷേപക സംഗമങ്ങളും സംഘടിപ്പിച്ചു. 8 സംരംഭകത്വ വികസന ക്ലബ്ബുകൾ ആരംഭിച്ചു. സംരംഭക സഹായ പദ്ധതി പ്രകാരം 19 സംരംഭങ്ങൾക്കായി 52,12,913/- രൂപ സബ്സിഡിയായിട്ടും അനുവദിച്ചിട്ടുണ്ട്. പ്രധാനമന്ത്രിയുടെ തൊഴിൽദായക പദ്ധതി പ്രകാരം 7 സംരംഭങ്ങൾ ആരംഭിച്ചു.

സെക്ഷൻ ഓഫീസർ

ജക/04/12